**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3197** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ ഭൂമി കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ കൈവശമാണ്. 70 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള ഭൂമിയിൽ നിർമ്മാണം നടത്തുവാനായി നിരാക്ഷേപ പത്രത്തിനു വേണ്ടി 22.12.2023, 07.03.2024 തീയതികളിൽ കെ.എസ്.എസ്.ടി.എം. ഡയറക്ടർക്ക് കത്ത് നൽകുകയുണ്ടായി. നിരാക്ഷേപ പത്രം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ അനുമതി ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ഭൂമി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ കൈവശമായതിനാൽ ആ കാര്യാലയത്തിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാകുന്ന മുറയ്ക്ക് തടസ്സരഹിത ഭൂമി സർട്ടിഫിക്കറ്റ് നൽകി സാങ്കേതികാനുമതി നൽകിയ ശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ